**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 387** **02-07-2024 - ൽ മറുപടിയ്ക്ക്**

**സാഫ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണത്തിനായി 2005-ൽ പ്രവർത്തനം ആരംഭിച്ച സാഫിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സാഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി 2014 ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ എന്ന സ്ഥാപനം മുഖേന ബനിഫിറ്റ് മോണിറ്ററിംഗ് & ഇവാല്യവേഷൻ സ്റ്റഡി നടത്തിയിരുന്നു. 2016, 2019 വർഷങ്ങളിൽ സെൻട്രൽ മറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) മുഖേന ബനിഫിറ്റ് മോണിറ്ററിംഗ് & ഇവാല്യവേഷൻ സ്റ്റഡി നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2019 ലെ റിപ്പോർട്ട് പ്രകാരം സാമ്പത്തികം (30.7%) നിയമപരം (22.81%), രാഷ്ട്രീയം (20.18%) സാമൂഹികം (14.91%) മനശാസ്ത്രം (11.40%) എന്ന നിലയിൽ സാഫ് യൂണിറ്റുകളിലെ ഗുണഭോക്താക്കളുടെ ശാക്തീകരണ തോത് വർദ്ധിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ വിലയിരുത്തൽ നടത്തുന്നതിനുള്ള തുക ഉൾകൊള്ളിച്ച് 2024-25 വർഷത്തെ പദ്ധതി അംഗീകാരത്തിനായി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും ഭരണാനുമതിക്കായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>ഫിഷറീസ് വകുപ്പ് മന്ത്രി, ഫിഷറീസ് വകുപ്പ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ എന്നീ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ സാഫിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സാഫിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സാഫ് എക്സിക്യൂട്ടിവ് ഡയറക്ടർ സംസ്ഥാനതലത്തിൽ എല്ലാ മാസവും റിവ്യൂ മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത് വരുന്നു. പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ നോഡൽ |

| | | | |
|---|---|---|---|
| | | | ഓഫീസർമാർ എല്ലാ ആഴ്ചകളിലും ജില്ലാതല മീറ്റിംഗുകളും നടത്തുന്നുണ്ട്. |
| (ബി) | സുനാമി പുസരധിവാസ ഫണ്ട് ഉപയോഗിച്ച് സാഫിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ആക്ടിവിറ്റി ഗ്രൂപ്പുകളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സുനാമി പുനരധിവാസ പദ്ധതി പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് ചെറുകിട തൊഴിൽ സംരംഭ യൂണിറ്റുകൾ, സോപ്പ് നിർമ്മാണ യൂണിറ്റുകൾ, റൂറൽ മാർക്കറ്റിംഗ് എക്സിക്യൂട്ടിവ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളിലായി 481 യൂണിറ്റുകളാണ് ആരംഭിച്ചത്. ഇതിൽ 130 യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. മറ്റ് യൂണിറ്റുകൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയവയാണ്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ശേഷം സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2010 ൽ തീരമൈത്രി പദ്ധതി ആരംഭിച്ചു. സുനാമി അടിയന്തിര സഹായ പദ്ധതി, സുനാമി പുനരധിവാസ പദ്ധതി, പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി പദ്ധതി എന്നീ പദ്ധതികളിൽ ആരംഭിച്ച യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പ് കണക്കിലെടുത്ത് ഈ പദ്ധതികളിലെ യൂണിറ്റുകളെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. സാഫിന്റെ കീഴിൽ 3428 യൂണിറ്റുകൾ ആരംഭിച്ചതിൽ പ്രായാധിക്യം, അസുഖങ്ങൾ, അംഗങ്ങൾ മരണപ്പെടുക, സംരംഭങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാതെ വരിക എന്നിവ മൂലവും ഓഖി, പ്രളയം, കോവിഡ് എന്നീ പ്രകൃതി ദുരന്തങ്ങൾ മുഖേനയും പല യൂണിറ്റുകളുടെയും പ്രവർത്തനം നിലച്ചുപോയിരുന്നു.<br><br>നിലവിൽ ഫിഷ് & ഫിഷ് പ്രോസ്സസിംഗ് കാറ്റഗറി ഫെഡറേഷനിൽ 309 യൂണിറ്റുകളും ഫുഡ് & ഫുഡ് പ്രോസ്സസിംഗ് കാറ്റഗറി ഫെഡറേഷനിൽ 437 യൂണിറ്റുകളും ടെയ്‌ലറിംഗ് & ഗാർമെന്റ്സ് കാറ്റഗറി ഫെഡറേഷനിൽ 492 യൂണിറ്റുകളും സൂപ്പർമാർക്കറ്റ്സ് & റീട്ടെയിൽ സ്റ്റോഴ്സ് കാറ്റഗറി ഫെഡറേഷനിൽ 309 യൂണിറ്റുകളും സർവ്വീസസ് & അദേഴ്സ് കാറ്റഗറി ഫെഡറേഷനിൽ 233 യൂണിറ്റുകളും ആയി 1780 ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സാഫ് യൂണിറ്റുകളെ പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി നടപ്പിലാക്കിയിരുന്ന സാഫ് പദ്ധതികൾ 2022 മുതൽ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ഉൾനാടൻ ജില്ലകളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.<br><br>സാഫ് ഡി.എം.ഇ പദ്ധതിയിലൂടെ ടൂറിസം മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. പെഡൽ ബോട്ടിംഗ് യൂണിറ്റ്, ഫ്ലോട്ടിംഗ് സീ ഫുഡ് റസ്റ്റോറന്റ്, ഹോട്ടലുകൾ, |

| | | | |
|---|---|---|---|
| | | | ഓർണമെന്റൽ ഫിഷ് & ഫിഷ് സ്പാ യൂണിറ്റ് തുടങ്ങിയവ ടൂറിസം മേഖലയിൽ സാഫ് ആരംഭിച്ചിട്ടുണ്ട്. സാഫിന്റെ ഡ്രൈഫിഷ് യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത കയറ്റുമതി ഗുണനിലവാരമുള്ള 6 ഇനം (Prawns, Sole fish, Silver Belly, Anchovy, Shark, Lizard Fish) തീരമൈത്രി ബ്രാന്റഡ് ഡ്രൈഫിഷ് ഉൽപ്പന്നങ്ങൾ ഫിഷ് & ഫിഷ് കാറ്റഗറി ഫെഡറേഷന്റെ മേൽനോട്ടത്തിൽ വിപണിയിൽ ഇറക്കിയിട്ടുണ്ട്.<br><br>മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി മാറ്റി അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി പലിശ രഹിത വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50,000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20,000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തന മൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. 525 ലക്ഷം രൂപ ഇത്തരത്തിൽ റിവോൾവ് ചെയ്തു വരുന്നു. തുടർച്ചയായി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനാൽ തൊഴിൽ ആവശ്യത്തിനായി മത്സ്യത്തൊഴിലാളി വനിതകൾ സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ആശ്രയിക്കേണ്ടതായി വരുന്നില്ല. |
| (സി) | ഇത്തരത്തിൽ ആരംഭിച്ച ആക്ടിവിറ്റി ഗ്രൂപ്പുകളിൽ പ്രവർത്തനം നിലച്ചുപോയവയെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സാമ്പത്തിക പ്രശ്നങ്ങൾ മൂലം പ്രവർത്തനം നിലച്ച യൂണിറ്റുകളെ പ്രവർത്തന ക്ഷമമാക്കുന്നതിനായി പലിശരഹിത വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പുകളുടെ തിരിച്ചടവിന്റെ ശേഷിയും ശരാശരി വിറ്റുവരവും കണക്കിലെടുത്ത് ഗ്രൂപ്പുകൾക്ക് 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിതവായ്പ നൽകുന്നു. കൃത്യമായി തിരിച്ചടക്കുന്ന യൂണിറ്റുകൾക്ക് വീണ്ടും റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. 450 ലക്ഷം രൂപ റിവോൾവ് ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് & ഫിനാൻസ് കോർപ്പറേഷൻ (KSMDFC), കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSWDC) എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് & ഫിനാൻസ് കോർപ്പറേഷൻ (KSMDFC)ന്റെ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന മൈക്രോ ഫിനാൻസ് ലോൺ 3% പലിശ നിരക്കിൽ സാഫ് യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് & ഫിനാൻസ് കോർപ്പറേഷൻ സംസ്ഥാന സർക്കാർ ഓഹരിമൂലധനം ഉപയോഗിച്ച് നടപ്പിലാക്കുന്ന പേരന്റ് പ്ലസ് വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, ചികിത്സ വായ്പ എന്നിവ സാഫ് ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നതിനായി ഉദ്ദേശിക്കുന്നു.<br><br>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSWDC) മുഖേന എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ സാഫ് യൂണിറ്റുകളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് നാഷണൽ മൈനോറിറ്റി ഡെവലപ്മെന്റ് & ഫിനാൻസ് കോർപ്പറേഷൻ (NMDFC) യുടെ 5 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഒരു അംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ ലോൺ അനുവദിക്കും. |
| (ഡി) | സാഫ് വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | സാഫ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.<br><br>**<u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)</u>**<br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കും. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് |

അനുവദിക്കുന്നത്. സ്ഥിരാസ്ഥിതികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരംതൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ 850 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 316 യൂണിറ്റുകൾ ആരംഭിച്ചു. ഈ യൂണിറ്റുകൾക്കായി 378.87 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചു. കൂടാതെ സാഫിന്റെ യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി താഴെപ്പറയുന്ന ഘടകങ്ങൾക്ക് ഫണ്ട് അനുവദിച്ചു.

- 428 യൂണിറ്റുകൾക്ക് 210.97 ലക്ഷം രൂപ പലിശ രഹിത വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു.
- 31 യൂണിറ്റുകൾക്ക് 12 ലക്ഷം രൂപ സാങ്കേതിക വിദ്യ നവീകരണത്തിനായി ടെക്നോളജി ഇംപ്രൂവ്മെന്റ് അനുവദിച്ചു.
- 201 യൂണിറ്റുകൾക്ക് അവർ എടുത്ത ലോണിന്റെ പലിശ സബ്സിഡി ആയി 11.63 ലക്ഷം രൂപ അനുവദിച്ചു.
- 1456 മത്സ്യത്തൊഴിലാളി വനിതകൾക്ക് വിവിധതരത്തിലുള്ള പരിശീലനങ്ങൾ നൽകി. യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിങ്ങിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- 2023-24 സാമ്പത്തിക വർഷത്തിൽ സാഫ് യൂണിറ്റുകളുടെ വിറ്റുവരവ് 136.52 കോടി രൂപയാണ്.

2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കുന്നതിനായി428 യൂണിറ്റുകൾക്ക് 210.97 ലക്ഷം രൂപ പലിശ രഹിത വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു.

**<u>ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)</u>**

മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ള പ്പലിശക്കാരുടെയും

| | | | |
|---|---|---|---|
| | | | ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ സാഫ് മുഖേന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10,000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50,000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു.<br><br>റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20,000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ 5230 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 1046 ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് 908 ലക്ഷം രൂപ പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് തുടർഘട്ടങ്ങളിലായി അനുവദിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 40 ജെ.എൽ.ജി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും ഭരണാനുമതിക്കായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ